പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2963

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, കെ. വി. വിജയദാസ്<br>,, കെ. ദാസൻ<br>,, സി. കൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പുന:സംഘടപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത കൗൺസിലിൽ നിലവിലുള്ള അംഗങ്ങൾ ആരൊക്കെയാണ് ; | (എ) | 25.07.2012 ൽ സ.ഉ (ആർ.റ്റി) നം.2051/12/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പുന:സംഘടിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കേരള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ റൂൾസ് 2009 പ്രകാരം അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി ഒരു വർഷമാണ്. ഈ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പുന:സംഘടിപ്പിക്കാവുന്നതാണ്. കൗൺസിലിലെ നിലവിലുള്ള അംഗങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | കൗൺസിലിന്റെ ചുമതലകൾ എന്തെല്ലാമാണ് ; | (ബി) | സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു<br>• പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ഉപദേശം നൽകുക<br>• അനുവദനീയമായ പ്രവൃത്തികൾ തീരുമാനിക്കുക<br>• പദ്ധതി നടത്തിപ്പ് അവലോകനം ചെയ്ത് പുതിയ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക<br>• പദ്ധതിയുടെ പ്രചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക<br>• സംസ്ഥാനത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തി കേന്ദ്രകൗൺസിലുമായി ചേർന്ന് പദ്ധതി മെച്ചപ്പെടു |

| | | | |
|---|---|---|---|
| | | | ത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക<br>• സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര കൗൺസിൽ എന്നിവർ നിർദ്ദേശി ക്കുന്ന മറ്റ് പ്രവൃത്തികൾ<br>• പദ്ധതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി നിയമസഭയ്ക്ക് സമർ പ്പിക്കുക |
| (സി) | 2011-2012, 2012-2013 എന്നീ വർഷ ങ്ങളിൽ കൗൺസിൽ എത്ര തവണ യോഗം ചേർന്നു; | (സി) | 2011-12 ൽ 2 പ്രാവശ്യവും 2012-13 ൽ 2 പ്രാവശ്യവും സംസ്ഥാന തൊഴിലു റപ്പ് കൗൺസിൽ യോഗം ചേർന്നി ട്ടുണ്ട്. |
| (ഡി) | പ്രസ്തുത കാലയളവിൽ കൗൺസിൽ യോഗങ്ങളിൽ എടുത്തി ട്ടുള്ള പ്രധാന തീരുമാനങ്ങൾ എന്തെ ല്ലാമാണ്; | (ഡി) | 2011-12, 2012-13 കാലയളവിൽ കൗൺസിൽ യോഗങ്ങളിൽ എടുത്തി ട്ടുള്ള തീരുമാനങ്ങളുടെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയുടെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള കേന്ദ്ര സർക്കാ രിന്റെ തീരുമാനം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അനന്തര നടപടികൾ കൗൺസിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | ഉണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 2013 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിലെ അനുവദനീയമല്ലാത്ത പ്രവൃത്തികളെ കുറിച്ച് പ്രതിപാദിക്കുന്ന നെഗറ്റീവ് ലിസ്റ്റ് സംബന്ധിച്ച് 03.05.2013 ൽ ചേർന്ന സംസ്ഥാന തൊഴിലുറപ്പ് കൗൺസി ലിന്റെ 14-ാമത് യോഗം വിലയിരു ത്തുകയും ഇക്കാര്യത്തിൽ ഗ്രാമപ ഞ്ചായത്തുകൾക്ക് ഉണ്ടായിട്ടുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് വ്യക്തമായ വിശദീകരണം നൽകു ന്നതിനും നടപടികൾ സ്വീകരിക്കു ന്നതിനും മിഷൻ ഡയറക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടി സ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച സ്പഷ്ടീകരണം 12.06.2013 ലെ സ.ഉ (സാധ) 1543/13/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

...ന്ധം ലൈബ്രറിയിൽ ലഭ്യമാണ്